# മണിമേടകൾ

അഷ്‌റഫ് കാവിൽ

പൊക്കത്തെയാണ്
ഓരോ കൊച്ചുവീടുകളും
സ്വപ്നം കാണുന്നത്...

ആകാശം തൊടുന്ന
കൂറ്റൻ തൂണുകൾ
എകർന്നെകർന്ന് പോകും
മേലാപ്പുകൾ...

പുൽച്ചെടി വൻമരത്തെയെന്ന പോലെ
കുഞ്ഞുവീടുകൾ
ഗൾഫുമേടകളെ
നോക്കി, വെള്ളമിറക്കുന്നു

ആരോർക്കാൻ...
ബാങ്കുകാർ
ബാങ്കു ചെക്കിൽ
ഒപ്പിടീച്ച്
കൊണ്ടുപോകുന്ന
സ്വസ്ഥതയെ...

ആരു കാണാൻ...
കടം കേറി മുടിഞ്ഞ്
ഒരു മുഴം കയറിൽ
തൂങ്ങിയാടുന്ന
പൊങ്ങച്ചത്തെ!



# പച്ചിലകൾ

ശ്യാം കൃഷ്ണലാൽ

മാതാപിതാക്കളെ,
അവരുടെ
സമപ്രായക്കാരോടൊപ്പം
'കളിക്കാൻ'
കൊണ്ടാക്കിയതിന്റെ
പിറ്റേന്നാണ്
മകനെനിയ്ക്ക്
'ഹെയർ ഡൈ'
വാങ്ങിക്കൊണ്ടുവന്നത്!!

# തണൽ

നജീർ വെള്ളാങ്കല്ലൂർ

ശിഖരങ്ങൾ വെട്ടിക്കളഞ്ഞോളൂ
എന്നാലും,
നീ പോകുന്നിടത്തെല്ലാം
തണലായി
എന്റെ നിഴൽ വീഴും!

Vol. No: 71 Issue No. 23 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla